## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *33 02.12.2014-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ പഠന നിലവാരം

**ചോദ്യം**
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി
ശ്രീ.പി.ഉബൈദുള്ള
ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ
ശ്രീ.പി.ബി.അബ്ദുൾ റസാക്

**മറുപടി**
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനും, വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | എ) | പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ പഠനം നിലവാരം ഉയർത്തുന്നതിനും, വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റ് വിഹിതത്തിന്റെ അൻപതു ശതമാനത്തോളം തുക നീക്കി വയ്ക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം ടി ആവശ്യത്തിലേക്ക് പ്ലാൻ ശീർഷകത്തിൽ 128.50 കോടി രൂപയും, നോൺപ്ലാൻ ശീർഷകത്തിൽ 50.9276 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. വരുമാനപരിധി പരിഗണിക്കാതെ തന്നെ ലംപ്സം ഗ്രാന്റും, മാസംതോറും സ്റ്റൈപ്പന്റും അനുവദിച്ച് വരുന്നു വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി 15 മോഡൽ റസിഡൻഷ്യൽ/ ആശ്രമം സ്കൂളുകൾ, 2 ഏകലവ്യ സ്കൂളുകൾ, ഒരു പ്രത്യേക സി.ബി.എസ്.ഇ മാതൃകാ സ്കൂൾ എന്നിവ പ്രവർത്തിച്ച് വരുന്നു. കൂടാതെ ദുർഘടവും, ഒറ്റപ്പെട്ടതും, വന്യമൃഗ |

| | | | |
|---|---|---|---|
| | | | ഭീഷണിയുള്ളതുമായ സങ്കേതങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ അവകാശ നിയമം പരിപാലിക്കുന്നതിന്റെ ഭാഗമായി അവർക്ക് സ്കൂളിലേക്കും തിരിച്ച് വീട്ടിലേക്കും യാത്രാ സൗകര്യം ഒരുക്കുന്ന ഗോത്രസാരഥി പദ്ധതിയും, 107 പ്രീമെട്രിക് ഹോസ്റ്റലുകൾ, 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, 13 നഴ്സറി സ്കൂളുകൾ, 16 പെരിപ്പതറ്റിക് സ്കൂളുകൾ, 29 ഏകാധ്യാപക സ്കൂളുകൾ 3 ബാലവിജ്ഞാന കേന്ദ്രങ്ങൾ, 25 കിന്റർ ഗാർട്ടനുകൾ എന്നിവയും പ്രവർത്തിച്ചു വരുന്നുണ്ട്. ഹോസ്റ്റൽ, മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ, അന്തർമുഖ സ്വഭാവം എന്നിവ പരിഹരിക്കുന്നതിനായി സ്റ്റുഡന്റ്സ് കൗൺസിലേഴ്സ് പ്രവർത്തിച്ചു വരുന്നു. കൂടാതെ വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠന സാമഗ്രികൾ എന്നിവയും നൽകി വരുന്നു. 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ഇൻസെന്റീവ് ഗ്രാന്റ് നൽകുന്നു. കൂടാതെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന അവാർഡ്, കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് 'സർഗ്ഗോത്സവം', സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്കുള്ള സഹായം, തെരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 'ഭാരത ദർശനം' ഇവയും നടപ്പിലാക്കി വരുന്നു. അനാഥരായ കുട്ടികളുടെ വിദ്യാഭ്യാസം മുൻനിർത്തി കൈത്താങ്ങ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. വിവിധ തൊഴിൽ |

| | | | |
|---|---|---|---|
| | | | പരിശീലനങ്ങളും, തൊഴിൽ ഉപകരണ കിറ്റുകളും നൽകി വരുന്നുണ്ട്. കൂടാതെ സെക്കന്ററി, ഹയർ സെക്കന്ററി തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്തുന്നതിനായി സ്പെഷ്യൽ ട്യൂഷൻ പദ്ധതി നടപ്പാക്കി വരുന്നു. പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്ത് വരുന്നു. |
| ബി) | പ്രസ്തുത വിഭാഗങ്ങളിലെ കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം പോലും അന്യമാകുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ; | ബി) | ഉണ്ട്. 2008-ൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടത്തിയ സർവ്വേയിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ ആകെ കുട്ടികളിൽ കൊഴിഞ്ഞു പോക്കിന്റെ ശരാശരി 36.73% ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് ശ്രദ്ധയിൽപ്പെട്ടപ്പോൾ അവ പരിഹരിക്കുന്നതിനായി ഗോത്രസാരഥി പദ്ധതി നടപ്പിലാക്കിവരുന്നു. |
| സി) | ഹൈസ്കൂൾതലംവരെയുള്ള പഠനത്തിന് അർഹമായ പ്രായപരിധിയിലുള്ള കുട്ടികൾ സ്കൂൾ പഠനം ഉപേക്ഷിച്ചിട്ടുണ്ടെന്നതിന്റെ ഈ വർഷത്തെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ? | സി) | 2014-15 അദ്ധ്യയനവർഷാരംഭത്തിൽ ലഭിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ 90% വിദ്യാർത്ഥികളും സ്കൂളുകളിൽ ഹാജരായിട്ടുണ്ട്. കൊഴിഞ്ഞു പോയതായി ശ്രദ്ധയിൽപ്പെട്ട നാലുപതോളം കുട്ടികളെ ട്രൈബൽ ആഫീസർമാരുടെ സഹായത്തോടെ വീണ്ടും സ്കൂളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. |

Haripriya

സെക്ഷൻ ഓഫീസർ